# പ്രകാശപ്രതിപതനം ഗോളീയദർപ്പണങ്ങളി

**Que.1.ദർപ്പണത്തിന് മുന്നിൽ 20 cm അകലെ "O"യിൽ ഒരു വസ്തു[Marks :(3)]
വെച്ചപ്പോൾ അതേ വലിപ്പമുള്ള പ്രതിബിംബം "O"യിൽ തന്നെ ലഭിച്ചു**




**a)"O"എന്തിനെ സൂചിപ്പിക്കുന്നു ?**

**b) ദർപ്പണത്തിന്റെ ഫോക്കസ് ദൂരം എത്ര?**

**c)പ്രതിബിംബത്തിന്റെ ആവർധനം എത്ര**

**Ans.** a} വക്രതാകേന്ദ്രം

b)10 cm

c) 1

**Que.2. ചിത്രം പൂർത്തിയാക്കി പ്രതിബിംബത്തിന്റെ സ്ഥാനം കണ്ടെത്തുക** **[Marks :(3)]**



**Ans.**




**Que.3. താഴെപ്പറയുന്നവയിൽ കോൺവെക്സ് ദർപ്പണത്തിന്റെ ഉപയോഗം എന്ത്** **[Marks :(1)]**

**a)ഷേവിങ് മിറർ ആയി ഉപയോഗിക്കുന്നു**

**b)മേക്കപ്പ് മിറർ ആയി ഉപയോഗിക്കുന്നു**

**c)ഡോക്ടറുടെ ഹെഡ് മിറർ ആയി ഉപയോഗിക്കുന്നു**

**d)വാഹനത്തിൽ റിയർവ്യൂ മിറർ ആയി ഉപയോഗിക്കുന്നു**

**Ans.** d)വാഹനത്തിൽ റിയർവ്യൂ മിറർ ആയി ഉപയോഗിക്കുന്നു

**Que.4. ഒരു ഗോളീയ ദർപ്പണത്തിലെ പ്രതിപതന തലത്തിന്റെ മധ്യ ബിന്ദു ഏതു പേരിലാണ് അറിയപ്പെടുന്നത്** **[Marks :(1)]**

**(വക്രത കേന്ദ്രം , അപ്പർച്ചർ , പോൾ , മുഖ്യ ഫോക്കസ് )**

**Ans**. പോൾ

**Que.5. താഴെപ്പറയുന്ന പ്രസ്താവനകളെ കോൺകേവ് ദർപ്പണം** **[Marks :(2)]**

**,കോൺവെക്സ് ദർപ്പണം എന്നിങ്ങനെ പട്ടികപ്പെടുത്തുക**

**a)പ്രതിപതന തലം അകത്തേക്ക് കുഴിഞ്ഞിരിക്കുന്നു**

**b) മിഥ്യ ഫോക്കസ് ഉള്ളത്**

**c)പ്രതിബിംബത്തിന്റെ ആവർധനം എല്ലായിപ്പോഴും പോസിറ്റീവ്**

**d)പ്രതിബിംബത്തിന്റെ ആവർധനം പോസിറ്റീവും നെഗറ്റീവും ആയത്**

**Ans.** Convex mirr

a)പ്രതിപതന തലം അകത്തേക്ക് കുഴിഞ്ഞിരിക്കുന്നു-കോൺകേവ് ദർപ്പണം

b) മിഥ്യ ഫോക്കസ് ഉള്ളത്-കോൺവെക്സ് ദർപ്പണം

c)പ്രതിബിംബത്തിന്റെ ആവർധനം എല്ലായിപ്പോഴും പോസിറ്റീവ്- കോൺവെക്സ് ദർപ്പണം

d)പ്രതിബിംബത്തിന്റെ ആവർധനം പോസിറ്റീവും നെഗറ്റീവും ആയത്-കോൺകേവ് ദർപ്പണം

**Que.6. ഒരു കോൺകേവ് ദർപ്പണത്തിലെ പതന രശ്മിയാണ് OA[Marks :(3)]**




**Ans.** ലദബം വരച്ച് ചിത്രം പൂർത്തിയാക്കുന്നു.

**Que.7. ഒരു കോൺകേവ് ദർപ്പണമാണ് ചിത്രത്തിൽ [Marks**




**:(3)]**

**a)ചിത്രത്തിൽ ഏതാണ് പതനരശ്മി?**

**b) < ABC =300 ആയാൽ പ്രതിപതനകോൺ എത്ര?**

**c) ഈ നിഗമനത്തിലെത്തിച്ചേരാൻ സഹായിച്ച തത്വം എന്ത്?**

**Ans.** a) AB

b) 300

c) ഗോളീയദർപ്പണങ്ങളിലും പതനകോണും പ്രതിപതനകോണും തുല്യമാണ്

**Que.8. തന്നിരിക്കുന്ന ദർപ്പണം തിരിച്ചറിയുക** **[Marks :(3)]**

**ചിത്രത്തിലെ P, F ഇവ എന്തിനെ സൂചിപ്പിക്കുന്നു**

**Ans.** കോൺകേവ് ദർപ്പണം

F മുഖ്യഫോക്കസ്, p പോൾ

**Que.9. ഗോളീയ ദർപ്പണവുമായി ബന്ധപ്പെട്ട പദമാണ് പോൾ. ഒരു കോൺകേവ് ദർപ്പണം താഴെ വീണ് പൊട്ടി കഷണങ്ങളായി മാറി.**

**a. പൊട്ടിയ കഷണങ്ങൾക്ക് ഓരോന്നിനും പോൾ ഉണ്ടായിരിക്കുമോ?**

**b. പോൾ എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?** **[Marks :(2)]**

**Ans.** a. ഉണ്ടായിരിക്കും

b. പ്രതിപതന തലത്തിന്റെ മധ്യബിന്ദുവാണ്

**Que.10. സെ.മീ വക്രതാ ആരമുള്ള കോൺവെക്സ് ദർപ്പണത്തിന്റെ ഫോക്കസ് ദൂരം കണകാക്കുക.** **[Marks :(2)]**

**Ans.** ഫോക്കസ് ദൂരം $f = \frac{R}{2}$

$= \frac{24}{2}$

F = 12 cm

**Que.11. കോൺകേവ് ദർപ്പണംരൂപീകരിക്കന്ന പ്രതിബിംബത്തിന്റെ ഏത് സവിശേഷതയാണ് ഷേവിങ്ങ് മിററിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നത്?** **[Marks :(1)]**

**Ans.** വലുതും നിവർന്നതുമായ മിഥ്യാപ്രതിബിംബം

**Que.12. ചുവടെ കൊടുത്ത പട്ടികയിൽ വിട്ടുപോയ ഭാഗങ്ങൾ ഉചിതമായി പൂരിപ്പിക്കുക.** **[Marks :(3)]**

**ക്രമ**

| **നമ്പർ** | **വസ്തുക്കളുടെ സ്ഥാനം** | **പ്രതിബിംബത്തിന്റെ സ്ഥാനം** | **പ്രതിബിംബത്തിന്റെ പ്രത്യേകത** |
|---|---|---|---|
| **1.** | **വളരെ അകലെ** | **F ൽ** | **യഥാർഥം, തല കീഴായത് ചെറുത്** |

| | | | |
|---|---|---|---|
| **2.** | **Cയിൽ** | **(a) .............** | **തുല്യവലുപ്പം** |
| **3.** | **C ക്കും F നും ഇടയിൽ** | **C യ്ക്കപ്പുറം** | **(b) ............** |
| **4.** | **F നും P യ്ക്കും ഇടയിൽ** | **(c) ...............** | **മിഥ്യ, നിവർന്നത്** |

**Ans.** a- c യിൽ

b - വലുത്, യഥാർഥം, സ്ക്രീനിൽ പതിപ്പിക്കാം

c - ദർപ്പണത്തിന് പുറകിൽ

**Que.13.ദർപ്പണം രൂപീകരിക്കുന്ന പ്രതിബിംബവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു. ദർപ്പണം തിരിച്ചറിയുക [Marks :(1)]**

**നിവർന്ന ചെറിയ പ്രതിബിംബം, എപ്പോഴും മിഥ്യപ്രതിബിംബം**

**Ans.** കോൺവെക്സ് ദർപ്പണം

**Que.14. ഒരു കോൺകേവ് ദർപ്പണത്തിനുമുന്നിൽ വസ്തു വെച്ചപ്പോൾ വസ്തുവിനെക്കാൾ വലിയ പ്രതിബിംബം സ്ക്രീൻ ലഭിച്ചു [Marks :(3)]**

**a)ദർപ്പണത്തിനു മുന്നിൽ വസ്തുവിന്റെ സ്ഥാനം എവിടെയായിരിക്കും?**

**b) വസ്തുവിന്റെ തുല്യ വലിപ്പമുള്ള പ്രതിബിംബം ലഭിക്കാൻ വസ്തു ഏതു സ്ഥാനത്താണ് വയ്ക്കേണ്ടത് ?**

**c)ദർപ്പണത്തിൽ നിവർന്ന പ്രതിബിംബം ഉണ്ടാകുമ്പോൾ വസ്തുവിന്റെ സ്ഥാനം എവിടെയായിരിക്കും?**

**Ans.** a)C ക്കും F നും ഇടയിൽ

b) C യിൽ

c) F നും Pക്കും ഇടയിൽ